KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:12404 തിയ്യതി : 31.01.2023

## സർക്കുലർ നമ്പർ **04/2023 (BD)**

വിഷയം : **"കെ.എസ്.എഫ്.ഇ. ഭദ്രത സ്മാർട്ട് ചിട്ടികൾ 2022"** പദ്ധതിയുടെ കാലാവധി 2023 ഫെബ്രുവരി 28 വരെ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 22.07.2022 തിയ്യതിയിലെ 60/2022(BD) നമ്പർ സർക്കുലർ

** ** **

കെ.എസ്.എഫ്.ഇ യുടെ എക്കാലത്തേയും വലിയ സമ്മാന പദ്ധതികളുമായി, മുഴുവൻ ശാഖകളും വാർഷിക ലക്ഷ്യം നേടണം എന്ന ഉദ്ദേശ്യത്തോടെ 2022 ജൂലൈ മാസം 23 ന് ആരംഭിച്ച **"ഭദ്രത സ്മാർട്ട് ചിട്ടികൾ 2022"** ക്യാംപയിന്റെ കാലാവധി 2023 ജനുവരി മാസം 31 ന് അവസാനിച്ചിരിക്കുകയാണ്. ഈ കാലയളവിൽ നമ്മുടെ 241 ശാഖകൾ വാർഷിക ലക്ഷ്യം നേടുകയുണ്ടായി. കൂടാതെ, വാർഷിക ബിസിനസ്സ് ലക്ഷ്യമായ 805 കോടി രൂപയിൽ 698 കോടി രൂപയുടെ ( 87% ) ചിട്ടി ബിസിനസ്സ് നേടുവാനും സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ നമ്മുടെ 400 ഓളം ശാഖകൾക്ക് ഇനിയും വാർഷിക ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ല. ഇത്തരം ശാഖകളിൽ enrollment ആരംഭിച്ച ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതിനും, മുഴുവൻ ശാഖകളും വാർഷിക ലക്ഷ്യം കൈവരിക്കുന്നതിനുമായി മേഖലാ / ശാഖാ തലവൻമാരുടെ അഭ്യർത്ഥന കൂടി കണക്കിലെടുത്ത് **"കെ.എസ്.എഫ്.ഇ. ഭദ്രത സ്മാർട്ട് ചിട്ടികൾ 2022"** ന്റെ കാലാവധി **28.02.2023** വരെ ദീർഘിപ്പിച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. 28.02.2023 വരെ രജിസ്റ്റർ ചെയ്യുന്ന എല്ലാ ചിട്ടികൾക്കും **"കെ.എസ്.എഫ്.ഇ. ഭദ്രത സ്മാർട്ട് ചിട്ടികൾ 2022"** പദ്ധതിയുടെ മുഴുവൻ ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

ശാഖകൾ ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തി 2022-23 സാമ്പത്തിക വർഷത്തിലെ വാർഷിക ചിട്ടി ബിസിനസ്സ് ലക്ഷ്യം മേൽ സൂചിപ്പിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നേടി എടുക്കേണ്ടതാണ്. ഇതോടൊപ്പം വാർഷിക ലക്ഷ്യം നേടിയ ശാഖകൾ കൂടുതൽ ബിസിനസ്സ് ചെയ്യുവാനും ഈ അവസരം പരമാവധി വിനിയോഗിക്കേണ്ടതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To:-എല്ലാ ശാഖാ തലവന്മാർക്കും

പകർപ്പ്:

- i. എല്ലാ മേഖല ഓഫീസുകൾക്കും :
- ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
- iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
- iv എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
- v എം.ഡി. യുടെ പി.എ.
- vi സർക്കുലർ ഫയൽ